ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. **I/144128/2024** തീയതി:**30-09-2024**

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം -സാങ്കേതികം -അന്താരാഷ്ട്ര വയോജന ദിനം **2024** - പ്രതിജ്ഞ എടുക്കുന്നത് - സംബന്ധിച്ച്

സൂചന :- **K3/178/2024-HEDN** തീയതി: **28.09.2024**

സൂചന പ്രകാരം, ഈ വകുപ്പിന് കിഴിലുള്ള എല്ലാ കോളേജുകളിലെയും, സർവ്വകലാശാലകളിലെയും വിദ്യാർത്ഥികൾ വയോജന ദിന പ്രതിജ്ഞ എടുക്കേണ്ടതാണെന്ന് നിദ്ദേശിക്കുന്നു. ഓരോ സ്ഥാപനത്തിലേയും നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ പ്രസ്തുത പ്രതിജ്ഞ ചൊല്ലൽ നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചൊല്ലേണ്ടതായ വയോജന പ്രതിജ്ഞ അനുബന്ധമായി ചേർക്കുന്നു.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 30-09-2024 15:26:18

# വയോജനദിന പ്രതിജ്ഞ

(അന്താരാഷ്ട്ര വയോജന ദിനം / 01.10.2024)

മുതിർന്ന പൗരന്മാർ നാടിന്റെ അമൂല്യസമ്പത്താണെന്നു ഞാൻ മനസ്സിലാക്കുന്നു.

അവർ നാടിനു നൽകിയ മഹത്തായ സംഭാവനകളെ ഈ വയോജന ദിനത്തിൽ ഞാൻ ആദരപൂർവ്വം നമിക്കുന്നു.

ചെറുപ്പത്തിൽ നാം ഓരോരുത്തരെയും കരുതലോടെ കാത്തവരാണ് അവരെന്നും,

പ്രായമാകുമ്പോൾ ആ കരുതൽ തിരികെ നൽകേണ്ടത് നമ്മുടെ കടമയാണെന്നും ഞാൻ മനസ്സിലാക്കുന്നു.

എന്റെ മാതാപിതാക്കളെയും ഉറ്റ ബന്ധുക്കളെയും അവരുടെ വാർദ്ധക്യകാലത്ത് എന്റെ കഴിവിന്റെ പരമാവധി പരിപാലിക്കൽ എന്റെ കടമയായി ഞാൻ തിരിച്ചറിയുന്നു.

അവർ അടക്കം, ഓരോ മുതിർന്ന പൗരനും ജീവനുള്ള സുവർണ്ണ സമ്പാദ്യമാണെന്ന് ഞാൻ എപ്പോഴും ഓർമ്മിക്കും.

സമൂഹത്തിലെ ഓരോ മുതിർന്ന പൗരനും ഞാൻ കൈത്താങ്ങാകും.

തണലേകിയവർക്ക് തണലാകാൻ ഞാൻ എന്നും കൈകോർക്കും.

പ്രായാധിക്യം മൂലമുള്ള അവശതകളിലും പ്രയാസങ്ങളിലും അവരെ ഞാൻ ചേർത്തുപിടിക്കും.

മുതിർന്ന പൗരന്മാരോട് എപ്പോഴും ബഹുമാനത്തോടെയും ആദരവോടെയും പെരുമാറുമെന്നും,

വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ മുതിർന്ന പൗരന്മാരെ ഞാൻ നോവിക്കില്ലെന്നും,

വയോജനങ്ങളുടെ ക്ഷേമത്തിനായി ആത്മാർത്ഥമായി നിലകൊള്ളുമെന്നും

ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.